ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി1/11685/റ്റി സി/2007

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 18.05.2013

സർക്കുലർ നം. 08 /2013

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വാഹനങ്ങളുടെ നമ്പർ റിസർവേഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് — സംബന്ധിച്ച്

സൂചന :- 1. 25.01.2011-ലെ ജി.ഓ(പി) നം. 3/2011/ ട്രാൻസ് എന്ന സർക്കാർ ഉത്തരവ്
2. 18.02.2011-ലെ സർക്കുലർ നം. 6/2011.

സൂചനപ്രകാരമുള്ള സർക്കാർ ഉത്തരവിലേയ്ക്കും സർക്കുലറിലേയ്ക്കും ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ റിസർവേഷനുമായി ബന്ധപ്പെട്ട് കേരള മോട്ടോർ വെഹിക്കിൾ റൂളിലെ ചട്ടം 95. സൂചന ഒന്ന് പ്രകാരം സർക്കാർ പരിഷ്കരിക്കുകയുണ്ടായി. ഇത്തരത്തിൽ നമ്പർ ബുക്ക് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ സൂചന രണ്ട് പ്രകാരം നൽകിയിരുന്നു. എന്നാൽ ഭേദഗതി ചെയ്ത ചട്ടം 95-ലേയും സർക്കുലർ 6/2011 —ലേയും നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കാതെയാണ് പല ഓഫീസുകളിലും നമ്പർ റിസർവേഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്തു വരുന്നത്. ഇത് ധാരാളം പരാതികൾക്കും കാരണമാകുകയും വകുപ്പിന്റെ പ്രതിച്ഛായയ്ക്ക് കളങ്കമേൽപ്പിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ നമ്പർ റിസർവേഷനുമായി ബന്ധപ്പെട്ട് സൂചന 2 പ്രകാരം നൽകിയ സർക്കുലർ 6/2011 ഇതിനാൽ റദ്ദു ചെയ്യുകയും പകരം താഴെ പറയുന്ന നിർദ്ദേശങ്ങൾ 01.06.2013 മുതൽ പ്രാബല്യത്തിൽ വരുന്നതുമാണ്.

1. ഓരോ ആഴ്ചയിലും ആദ്യത്തെ പ്രവൃത്തി ദിവസം തന്നെ ആ ആഴ്ചയിലെ റേഞ്ച് നോട്ടീസ് ബോർഡിലും ടച്ച് സ്ക്രീനിലും പ്രദർശിപ്പിക്കേണ്ടതാണ്.
2. വാഹന ഡീലറും വാഹന ഉപഭോക്താവും ഒരേ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ അധികാര പരിധിക്കുള്ളിൽ ആണെങ്കിൽ നമ്പർ ബുക്ക് ചെയ്യുന്നതിന് വേണ്ടി വാഹനത്തിന് ടെമ്പററി രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണ്. നമ്പർ ബുക്ക് ചെയ്യുമ്പോൾ റൂൾ 95-ൽ പ്രതിപാദിക്കുന്ന വിധം ടെമ്പററി രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റിന്റെ പകർപ്പ് അഡ്രസ്സ് പ്രൂഫിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ക്രമനമ്പർ 6 വരെ പൂരിപ്പിച്ച് Form RFRMA, ടാക്സ് ടോക്കന്റെ പകർപ്പ്, സീൽഡ് കവർ എന്നിവകൂടി സമർപ്പിക്കേണ്ടതാണ്.

3. നമ്പർ റിസർവേഷന്റെ അപേക്ഷയോടൊപ്പം (Form RFRMA) സീൽ ചെയ്ത ടെണ്ടർ നിർബന്ധമായും വാങ്ങേണ്ടതാണ്. സീൽഡ് ടെൻഡർ ഇല്ലാതെ നമ്പർ റിസർവേഷന്റെ അപേക്ഷ വാങ്ങുവാൻ പാടുള്ളതല്ല. സീൽഡ് ടെൻഡറിൽ അപേക്ഷകൻ "Quote"ചെയ്യുവാൻ ഉദ്ദേശിക്കുന്ന തുക എഴുതേണ്ടതും ക്വാട്ട് ചെയ്ത തുകയുടെ ഏറ്റവും ചുരുങ്ങിയത് പകുതി തുകയുടെ എങ്കിലും ഡിമാന്റ് ഡ്രാഫ്റ്റ് ഉൾക്കൊള്ളിക്കേണ്ടതുമാണ്. എന്നാൽ അപേക്ഷകൻ സീൽഡ് ടെൻഡറിൽ തുകയൊന്നും ക്വാട്ട് ചെയ്തിട്ടില്ലെങ്കിൽ ഡിമാന്റ് ഡ്രാഫ്റ്റിന്റെ ആവശ്യം വരുന്നില്ല. ലേലത്തിന് ശേഷം ടെൻഡർ പൊട്ടിച്ച് ഉയർന്ന ലേലക്കാരനെ തീരുമാനിക്കുന്നതിന് മുൻപ് ടെൻഡർ-ൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ ഉണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത അപേക്ഷകനെ അസാധുവാക്കേണ്ടതും റിസർവേഷൻ ഫീസ് സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയും ചെയ്യേണ്ടതുമാണ്. തുടർന്ന് തൊട്ടടുത്ത 'Highest Bidder'ക്ക് അയാൾ ബാക്കി തുക അടയ്ക്കുന്ന മുറയ്ക്ക് നമ്പർ അനുവദിക്കേണ്ടതാണ്.

4. Form RFRMA യോടൊപ്പം നൽകിയിട്ടുള്ള 'Guidline'-ന്റെ ഒരു പകർപ്പ് പൂരിപ്പിച്ച ശേഷം അപേക്ഷകന്റെ ഒപ്പോടുകൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും അപേക്ഷ സ്വീകരിച്ചതിന്റെ കൈപ്പറ്റൽ രസീത് അപേക്ഷന് നൽകേണ്ടതുമാണ്.

5. ഓരോ ദിവസവും ലഭിക്കുന്ന അപേക്ഷകൾ Tender Register –ൽ രേഖപ്പെടുത്തേണ്ടതാണ്. ടെൻഡർ രജിസ്റ്ററിൽ 1 മുതൽ 4 വരെയുള്ള കോളങ്ങൾ അതാത് ദിവസം തന്നെ പൂരിപ്പിക്കേണ്ടതും ഓരോ റിസർവേഷൻ നമ്പരിനും പ്രത്യേകം entry വരുത്തേണ്ടതുമാണ്. സീൽഡ് ടെൻഡറുകൾ ഓഫീസ് തലവനോ അയാൾ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സൂക്ഷിക്കേണ്ടതാണ്. Tender Register –ന്റെ Format 'Annexure- A ആയി ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു.

6. കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 95(6)-ൽ പ്രതിപാദിപ്പിച്ചിട്ടുള്ള വിധത്തിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ വ്യക്തി ലേലം നടത്തേണ്ടതാണ്. എല്ലാ തിങ്കളാഴ്ചയും ( തിങ്കൾ അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം) ലേലം ആരംഭിക്കേണ്ടതാണ്. സാധാരണയായി ലേലം നടക്കുന്ന സമയം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയാണ്.

7. ഒരു നമ്പരിന് ഒരു അപേക്ഷകൻ മാത്രമേ ഉള്ളുവെങ്കിൽ അയാൾ സീൽഡ് ടെൻഡറിൽ 'Quote' ചെയ്ത തുകയും കൂടി ഈടാക്കിയതിനു ശേഷം മാത്രമേ നമ്പർ അനുവദിക്കുവാൻ പാടുള്ളൂ. ആയതിനാൽ ടെൻഡർ തുറക്കുന്ന സമയത്ത് അപേക്ഷകൻ/അധികാരപ്പെടുത്തിയ വ്യക്തിയുടെ സാന്നിധ്യം അനിവാര്യമാണ്. അപേക്ഷകൻ ടെൻഡറിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ ബാക്കി തുക കൗണ്ടർ സമയം അവസാനിക്കുന്നതിന് മുൻപായി അടച്ചിട്ടില്ലായെങ്കിൽ പ്രസ്തുത അപേക്ഷ അസാധുവാക്കേണ്ടതും അയാൾ അടച്ച തുക സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണ്. അതുപോലെ തന്നെ ലേല ദിവസം ലേലം ആരംഭിക്കുന്ന സമയത്ത്/ടെൻഡർ തുറക്കുന്ന സമയത്ത് ഒന്നിൽ കൂടുതൽ അപേക്ഷകനുണ്ടെങ്കിൽ അപേക്ഷകനോ അധികാരപ്പെടുത്തിയ വ്യക്തിയോ ഹാജരായില്ലായെങ്കിൽ പ്രസ്തുത അപേക്ഷയും അസാധുവാക്കേണ്ടതും അപേക്ഷകൻ അടച്ച ഫീസ് (റിസർവേഷൻ ഫീസ്) സർക്കാരിലേയ്ക്ക് മുതൽ കൂട്ടുകയും ചെയ്യേണ്ടതാണ്. എന്നാൽ സീൽഡ് ടെൻഡർ-ൽ അപേക്ഷകൻ ഡിമാന്റ് ഡ്രാഫ്റ്റ് വച്ചിട്ടുണ്ടെങ്കിൽ അത് അപേക്ഷകന് തിരിച്ച് നൽകാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിന് അധികാരപ്പെടുത്തുന്ന വ്യക്തി ഇതോടൊപ്പം 'Annexure B'ആയി ഉൾക്കൊള്ളിച്ചിട്ടുള്ള ആതറൈസേഷൻ ലറ്റർ സമർപ്പിക്കേണ്ടതാണ്. റിസർവ്വ് ചെയ്ത നമ്പരുകളുടെ ആരോഹണക്രമത്തിൽ മാത്രമേ ലേലം നടത്തുവാൻ/ടെൻഡർ തുറക്കുവാൻ പാടുള്ളൂ.

8. Auction Register-ന്റെ Format 'Annexure C' ആയി ഇതോടൊപ്പം ഉംക്കൊള്ളിച്ചിരിക്കുന്നു. ലേലം ആരംഭിക്കുന്നതിന് മുമ്പും ലേലം അവസാനിച്ചശേഷവും Auction Register-ൽ ലേലത്തിൽ ഹാജരായവരുടെ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ആരെങ്കിലും ഒപ്പിടുന്നതിന് വിസമ്മതിക്കുകയാണെങ്കിൽ ആയതും രേഖപ്പെടുത്തേണ്ടതാണ്.

9. ഒരു നമ്പരിന് ഒന്നിൽ കൂടുതൽ അപേക്ഷകൾ ഉണ്ടെങ്കിൽ സീൽഡ് ടെൻഡർ പൊട്ടിക്കുന്നതിന് മുൻപ് ലേലം നടത്തേണ്ടതാണ്. ലേലം നടക്കുമ്പോൾ ഉയർന്ന തുക ഒരാൾ വിളിച്ചിട്ടുണ്ടെങ്കിൽ മറ്റുള്ളവർ ലേലത്തിൽ നിന്നും പിൻമാറിയാലും (ഉയർന്ന തുക കൂട്ടി വിളിക്കാതിരുന്നാൽ ഉയർന്ന തുക വിളിച്ചയാൾക്ക് തന്നെ സ്വയം അധിക തുക വീണ്ടും കൂട്ടി വിളിക്കുവാൻ അവസരം കൊടുക്കേണ്ടതാണ്. ഇതിനു ശേഷം മറ്റു അപേക്ഷകർക്ക് വീണ്ടും അധിക തുക വിളിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ അവർക്കും അവസരം നൽകേണ്ടതാണ്.

10. ലേല സമയത്ത് ലേലം ആരംഭിക്കേണ്ടത് 500 രൂപയിൽ നിന്നോ അതിന്റെ ഗുണിതങ്ങളിൽ നിന്നോ ആകണം. എന്നാൽ ഒരു നമ്പരിന് നിശ്ചയിച്ചിട്ടുള്ള ഫീസും കൂടി ഉൾപ്പെടുത്തി ലേലം ആരംഭിക്കുവാൻ പാടുള്ളതല്ല. അതായത് '1' എന്ന നമ്പരിന് ഫീസായി അടച്ച ഒരു ലക്ഷം രൂപ ഒഴിവാക്കിയാണ് ലേല തുക വിളിക്കേണ്ടത്. ടി നമ്പരിന് തുടക്കത്തിൽ ഒരാൾ 500/- രൂപ ലേലം വിളിക്കാനുദ്ദേശമുണ്ടെങ്കിൽ 500 രൂപ മാത്രമേ വിളിക്കുവാൻ പാടുള്ളൂ. അല്ലാതെ ഒരു ലക്ഷത്തി അഞ്ഞൂറ് ( 100500/- രൂപ) എന്ന് വിളിക്കുവാൻ പാടുള്ളതല്ല. ഓരോ പ്രാവശ്യവും അപേക്ഷകൻ വിളിക്കുന്ന തുക ലേല രജിസ്റ്ററിന്റെ ഒരു പ്രത്യേക പേജിൽ രേഖപ്പെടുത്തേണ്ടതും ലേലം അവസാനിക്കുന്ന സമയത്ത് ഓരോ ലേലക്കാരനും വിളിച്ച അവസാന തുക മാത്രം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തേണ്ടതും ലേല രജിസ്റ്ററിൽ പ്രസ്തുത തുക രേഖപ്പെടുത്തി ലേലക്കാരുടെ ഒപ്പ് വാങ്ങേണ്ടതുമാണ്.

11. ലേല തുക 25000 രൂപയിൽ കൂടുകയാണെങ്കിൽ അയാൾ വിളിക്കുന്ന ഓരോ 25000 രൂപയ്ക്കും ലേലം താൽക്കാലികമായി നിർത്തി വയ്ക്കേണ്ടതും വിളിച്ച തുകയുടെ പകുതി തുകയെങ്കിലും കൈവശമുണ്ടെന്ന് ലേലം നടത്തുന്ന ഉദ്യോഗസ്ഥനെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതുമാണ്.

12. ഒരു ലേലത്തിൽ 'Highest Bidder'-നെ തീരുമാനിക്കുന്നത് അയാൾ ലേലത്തിൽ വിളിച്ച ഏറ്റവും ഉയർന്ന തുക, ടെൻഡറിൽ രേഖപ്പെടുത്തിയ തുക ഇവയിൽ ഏറ്റവും ഉയർന്നത് ഏത് എന്നതിനെ അടിസ്ഥാനമാക്കിയാണ്. അതായത് ലേലത്തിൽ ഒരാൾ ഉയർന്ന തുക വിളിച്ചിട്ടുണ്ടെങ്കിലും ടെൻഡർ പൊട്ടിക്കുമ്പോൾ മറ്റൊരാൾ ലേലത്തിൽ വിളിച്ച തുകയേക്കാൾ ഉയർന്ന തുക 'Quote' ചെയ്തിട്ടുണ്ടെങ്കിൽ രണ്ടാമത്തെ ആളാണ് 'Highest Bidder' (ഒരു കാരണവശാലും ലേലത്തിൽ വിളിച്ച തുകയും ടെൻഡറിൽ 'Quote' ചെയ്ത തുകയും കൂട്ടി ചേർത്ത് 'Highest Bidder'- നെ തീരുമാനിക്കുവാൻ പാടുള്ളതല്ല). ഇക്കാര്യം ലേലം ആരംഭിക്കുന്നതിന് മുൻപ് തന്നെ അപേക്ഷകരെ അറിയിക്കേണ്ടതാണ്.

13. ലേലത്തിൽ വിജയിച്ച വ്യക്തി അയാൾ വിളിച്ച തുകയിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയി അടച്ച തുക കിഴിച്ചുള്ള ബാക്കി തുക ലേല ദിവസം കൗണ്ടർ അവസാനിക്കുന്നതിന് മുമ്പായി അടയ്ക്കേണ്ടതാണ്. അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ്, രജിസ്ട്രേഷൻ നമ്പർ അനുവദിച്ച് 3 ദിവസത്തിനകം ബാങ്കിൽ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലത്തിൽ ഉയർന്ന തുക വിളിച്ചയാൾ ബാക്കി തുക അന്നേ ദിവസം അടയ്ക്കാതിരുന്നാൽ അയാൾ അടച്ച ഫീസും ഡിമാന്റ് ഡ്രാഫ്റ്റും സർക്കാരിലേയ്ക്ക് മുതൽ കൂട്ടേണ്ടതും നമ്പർ

തൊട്ടടുത്ത ഉയർന്ന ലേലത്തുക വിളിച്ചയാൾക്ക്, അയാൾ ബാക്കി തുക അടയ്ക്കുന്ന മുറയ്ക്ക് അനുവദിക്കേണ്ടതും ആണ്. എന്നാൽ ലേലത്തിൽ പങ്കെടുത്ത, ലേലത്തിൽ പരാജയപ്പെട്ട മറ്റുള്ളവരാരും ബാക്കി തുക അടയ്ക്കാതിരുന്നാൽ നമ്പർ lapse ആക്കേണ്ടതാണ്.

14. ഒന്നിൽ കൂടുതൽ ആൾക്കാർ ടെൻഡർ -ൽ ഒരേ തുക രേഖപ്പെടുത്തുകയും ലേലത്തിൽ അതിനെക്കാൾ ഉയർന്ന തുക വിളിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഉയർന്ന ലേലക്കാരനെ നറുക്ക് വഴി തീരുമാനിക്കേണ്ടതും മറ്റുള്ളവർക്ക് ഡിമാന്റ് ഡ്രാഫ്റ്റ് തിരിച്ച് നൽകേണ്ടതും ഫീസ് Refund ചെയ്ത് നൽകേണ്ടതുമാണ്.

15. ഒരു സീരിസ് അവസാനിച്ചശേഷവും നോട്ടി ഫൈഡ് രജിസ്ട്രേഷൻ നമ്പർ ആരും റിസർവ്വ് ചെയ്യാതിരിക്കുകയോ അല്ലെങ്കിൽ നോട്ടിഫൈഡ് രജിസ്ട്രേഷൻ നമ്പർ ആർക്കും അനുവദിക്കാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ പ്രസ്തുത നമ്പരുകൾ സർക്കാർ വാഹനങ്ങൾക്കോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്കോ, ടി വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക്, നമ്പരുകളുടെ ആരോഹണക്രമത്തിൽ അനുവദിക്കേണ്ടതാണ്.

16. ഒരു വാഹനത്തിന് നമ്പർ അനുവദിച്ച് കഴിഞ്ഞാൽ 3 ആഴ്ച്ചയ്ക്കകം വാഹനം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇല്ലാത്ത പക്ഷം നമ്പർ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് അസാധുവാക്കുന്നതും നമ്പർ lapse ആയി തീരുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ നമ്പർ അനുവദിച്ച ഉത്തരവ് അസാധുവായി എന്ന് അറിയിച്ചുകൊണ്ടുള്ള ഉത്തരവ് അപേക്ഷകന് നൽകുന്നതല്ല.

17. ലേലം കഴിഞ്ഞ ശേഷം ലേലത്തിൽ പരാജയപ്പെടുന്നവർ സമർപ്പിച്ചിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷകർക്ക് തിരിച്ച് നൽകേണ്ടതും അപേക്ഷകർ അടച്ച ഫീസ് റീഫണ്ട് നൽകുന്നതിനുള്ള ഫോം റ്റി ആർ 65-ൽ ഉടൻ തന്നെ അപേക്ഷകന് നൽകേണ്ടതുമാണ്.

## <u>നമ്പർ റിസർവ്വ് ചെയ്യുന്ന വ്യക്തികളുടെ അറിവിലേയ്ക്കായി നൽകുന്ന പൊതുനിർദ്ദേശങ്ങൾ</u>

1. നമ്പരിന്റെ ആരോഹണക്രമത്തിലായിരിക്കും ലേലം നടത്തുക.
2. എല്ലാ തിങ്കളാഴ്ചയും രാവിലെ 9 മണിയ്ക്ക് ലേലം ആരംഭിക്കുന്നതാണ്. അപേക്ഷകനോ അവർ അധികാരപ്പെടുത്തിയ വ്യക്തിയോ ഈ സമയത്ത് ഓഫീസിൽ ഹാജരാകേണ്ടതും അപേക്ഷ

സമർപ്പിച്ചപ്പോൾ നൽകിയ കൈപ്പറ്റൽ രേഖ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണ്. അപേക്ഷകൻ/അധികാരപ്പെടുത്തുന്ന വ്യക്തി ഇതോടൊപ്പം തന്നിട്ടുള്ള Authorization letter തന്നെ തിരിച്ചറിയുവാനാവശ്യമായ ഏതെങ്കിലും രേഖ കൈവശം സൂക്ഷിക്കേണ്ടതാണ്. ലേല സമയത്ത്/ടെൻഡർ തുറക്കുന്ന സമയത്ത് അപേക്ഷകൻ/അധികാരപ്പെടുത്തിയ വ്യക്തി ഇല്ലെങ്കിൽ അയാളുടെ അപേക്ഷ അസാധുവാക്കുന്നതും അപേക്ഷാ ഫീസ് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതുമായിരിക്കും. ഒരു നമ്പരിന് ഒരു അപേക്ഷകൻ മാത്രമേ ഉള്ളൂ എങ്കിൽ അയാൾ Sealed Tender-ൽ Quote – ചെയ്ത മുഴുവൻ തുകയും അന്നേ ദിവസം കൗണ്ടർ സമയം തീരുന്നതിന് മുമ്പ് അടച്ചാലേ നമ്പർ അനുവദിക്കുകയുള്ളൂ. അല്ലായെങ്കിൽ അയാളുടെ അപേക്ഷ അസാധുവാക്കുന്നതും അടച്ച ഫീസ് സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.

3. ഒന്നിൽ കൂടുതൽ അപേക്ഷകർ ഉള്ള നമ്പരുകൾക്ക് ലേലം നടത്തുന്നതും ലേലം അവസാനിച്ചശേഷം ടെൻഡർ പൊട്ടിക്കുന്നതും ആണ്. ലേലത്തിലാണോ ടെൻഡറിൽ ആണോ ഏറ്റവും ഉയർന്ന തുക എന്നതിനെ ആശ്രയിച്ചാണ് 'Highest Bidder'-നെ തീരുമാനിക്കുന്നത്. ലേലം വിളിച്ചതിനേക്കാൾ ഉയർന്ന തുക ആരെങ്കിലും ടെൻഡറിൽ Quote ചെയ്തിട്ടുണ്ടെങ്കിൽ അവർക്കായിരിക്കും നമ്പർ അനുവദിക്കുക.

4. ഏതെങ്കിലും തരത്തിൽ അപാകത ഉള്ള അപേക്ഷകൾ അല്ലെങ്കിൽ Sealed Tender ൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും ചട്ടപ്രകാരം നിഷ്കർഷിച്ചുള്ളതുമായ തുകയേക്കാൾ കുറഞ്ഞ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ആണ് സമർപ്പിച്ചിട്ടുള്ളതെങ്കിൽ ടി അപേക്ഷ അസാധുവാക്കുന്നതും അപേക്ഷയോടൊപ്പം അടച്ചിട്ടുള്ള ഫീസ് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതുമായിരിക്കും.

5. 'Highest Bidder' ആയി തെരഞ്ഞെടുത്ത വ്യക്തി അയാൾ Quote ചെയ്തിട്ടുള്ള തുക അല്ലെങ്കിൽ ലേലത്തിൽ വിളിച്ച തുക എന്നിവയിൽ ഉയർന്ന തുക ഏതാണോ അതിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയി അടച്ചിട്ടുള്ള തുക ഒഴിച്ച് ബാക്കി തുക ഉടൻതന്നെ കൗണ്ടറിൽ അടയ്ക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുകയാണെങ്കിൽ അയാളെ അയോഗ്യനാക്കി പ്രഖ്യാപിക്കുകയും അയാൾ റിസർവ്വേഷൻ ഫീസ് ആയി അടച്ചിട്ടുള്ള തുകയും ഡിമാന്റ് ഡ്രാഫ്റ്റ് തുകയും സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയും ചെയ്യുന്നതാണ്.

6. ഒന്നിൽക്കൂടുതൽ നമ്പർ ബുക്ക് ചെയ്തവർക്ക് ഒന്നിൽ കൂടുതൽ നമ്പർ ലഭിച്ചിട്ടുണ്ടെങ്കിൽ അയാളുടെ ഇഷ്ടത്തിനനുസരിച്ചുള്ള നമ്പരിൽ വാഹനം രജിസ്റ്റർ ചെയ്യാവുന്നതും മറ്റ്

നമ്പർ/നമ്പരുകൾ lapse ആവുകയും ചെയ്യുന്നതാണ്. ഈ നമ്പരുകൾക്കായി അടച്ചിട്ടുള്ള തുക മടക്കി നൽകുന്നതല്ല.

7. നമ്പരുകളുടെ ലേലം മാറ്റിവയ്ക്കുന്നതിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല..

8. നമ്പർ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നൽകുന്ന തീയതി മുതൽ 3 ആഴ്ചയ്ക്കകം വാഹനം രജിസ്റ്റർ ചെയ്യേണ്ടതാണ്. 3 ആഴ്ച കഴിഞ്ഞാൽ നമ്പർ അസാധുവാകുന്നതാണ്.

9. ഒരു വ്യക്തിയ്ക്ക് നമ്പർ അനുവദിച്ചു കഴിഞ്ഞാൽ ടി നമ്പർ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ അസ്സൽ പകർപ്പ് വാഹനം രജിസ്റ്റർ ചെയ്യുവാൻ വരുന്ന സമയത്ത് അപേക്ഷയുടെ ഏറ്റവും മുൻവശത്ത് തന്നെ ഉൾക്കൊള്ളിക്കേണ്ടതാണ്.

10. അപേക്ഷകന്റെ പാകപ്പിഴ മൂലം സർക്കാരിന് ഏതെങ്കിലും തരത്തിൽ വരുമാന നഷ്ടമുണ്ടാകുകയാണെങ്കിൽ അത് അപേക്ഷകനിൽനിന്നും ഈടാക്കുന്നതാണ്.

## സത്യവാങ്മൂലം

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കുന്നതാണെന്നും ഇതിനു പുറമേ കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 95 അനുസരിച്ചും ട്രാൻസ്പോർട്ട് കമ്മീഷണറുടെ 08/2013 സർക്കുലർ അനുസരിച്ചും നമ്പർ ബുക്ക് ചെയ്യുന്നതിന് ഞാൻ തയ്യാറാണ് എന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു. ടി നമ്പരിന്റെ ലേല ദിവസം ഞാൻ നേരിട്ട്/ഞാൻ അധികാരപ്പെടുത്തിയ വ്യക്തി ഹാജരാകുന്നതാണ്.

തീയതി

അപേക്ഷകന്റെ ഒപ്പ്

അപേക്ഷകന്റെ പേര്

**കൈപ്പറ്റൽ രസീത്**

..........................എന്ന നമ്പരിന് മേല്പറഞ്ഞ അപേക്ഷകനിൽ നിന്നും അപേക്ഷയും സീൽഡ് ടെൻഡറും കൈപ്പറ്റിയിട്ടുണ്ട്. ടി. നമ്പരിന്റെ ലേലം/ സീൽഡ് ടെൻഡർ തുറക്കുന്നത് .........തീയതി...... ഇതിന് ആയിരിക്കും

ഒപ്പ്
രജിസ്റ്ററിംഗ് അതോറിറ്റി/ അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റി.

പൊതു നിർദ്ദേശത്തിന്റെ പകർപ്പ് കൈപ്പറ്റിയിരിക്കുന്നു.

അപേക്ഷകന്റെ പേരും ഒപ്പും.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

അംഗീകാരത്തോടെ

Stephen

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

Annexure-A

## TENDER REGISTER

| Sl No | Date | Registration number | Name of the applicant | Tender Amount | DD amount and the number and dated of DD (to be filled after the completion of auction) | Whether the applicant succeeded or not in the auction | Whether the applicant is eligible for refund | Acknowledgement of the applicant/ authorized representative who received the DD back | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |

## Annexure B

## Authorization Letter

**I hereby authorize Sri………………..(Name)…………………..(Address) to participate in auction to be held on……….at………………in r/o Reg.No…………..on my behalf who has put his/her signature below.**

**Signature of the applicant**

**Signature of the person authorized.**

**Place**

**Date**

**Signature attested**

**(signature of the applicant)**

Annexure –C
AUCTION REGISTER

| Sl. No. | Date | Registration number to be auctioned | Name and signature of the applicant/Authorized Representative | Last highest bid of each applicant | Signature of the applicant | Amount quoted in the Tender | DD No & Date | Name of the highest bidder to whom the registration mark is to be allotted (Highest Bidder shall be determined on the …. of the auction amount or the bid amount which one is highest | Order and date of allotment of registration mark | Signature of the applicants | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |